പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4292** | **26/06/2014 ൽ മറുപടിയ്ക്ക്**

## പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ. പി.റ്റി.എ. റഹീം :<br>ശ്രീ. കെ.വി. വിജയദാസ് :<br>ശ്രീ. എസ്. ശർമ്മ : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ പാഠപുസ്തകങ്ങളുടെ അച്ചടിയിലും വിതരണത്തിലും അപാകത ഉണ്ടായതായി ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | പത്താം ക്ലാസ് വരെയുള്ള പാഠപുസ്തകങ്ങൾ സ്കൂളുകളിലെത്തിച്ചിട്ടുണ്ട്. എന്നാൽ ചില സ്കൂളുകളിൽ ഏതാനം പാഠപുസ്തകങ്ങൾ നൽകിയതിൽ കുറവ് വന്നിട്ടുള്ളത് ജൂൺ 30 ന് മുൻപായി നൽകുന്നതാണ്. ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സി-ആപ്റ്റിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. അച്ചടി പൂർത്തീകരിച്ച പ്ലസ് ടു പാഠപുസ്തകങ്ങളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. പ്ലസ് വൺ പാഠപുസ്തകങ്ങളുടെ വിതരണം ക്ലാസുകൾ ആരംഭിക്കുമ്പോൾതന്നെ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) | മുൻവർഷങ്ങളിൽ അച്ചടിച്ച് വിതരണത്തിനായി സൂക്ഷിച്ചിരുന്ന പുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് തടസ്സങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | രണ്ടാംഘട്ട പുസ്തകത്തിന്റെ അച്ചടിജോലികൾ ആരംഭിച്ചിട്ടുണ്ടോ ; ഇത് എന്നത്തേക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ ? | (സി) | പ്രിന്റ് ഓർഡർ കെ.ബി.പി.എസിന് നൽകിയിട്ടുണ്ട്. സെപ്റ്റംബർ മാസത്തിന് മുൻപായി അച്ചടി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഹയർ സെക്കണ്ടറി പാഠ പുസ്തകങ്ങളുടെ അച്ചടിയും വിതരണവും ഓരോ അദ്ധ്യയന വർഷവും ഒറ്റ ഘട്ടത്തിലാണ് പൂർത്തീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ